**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1925** **12-09-2023 - ൽ മറുപടിയ്ക്ക്**

**വയോമിത്രം പദ്ധതിയ്ക്കായി ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നടപ്പാക്കുന്ന വയോമിത്രം പദ്ധതി ആരംഭിക്കുന്നതിന് അനുമതി നൽകിയെങ്കിലും നാളിതുവരെ സാമൂഹ്യ സുരക്ഷ മിഷന്റെ ഫണ്ട് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | വയോമിത്രം പദ്ധതിയിൽ സംസ്ഥാനതലത്തിലാണ് ബഡ്ജറ്റിൽ തുക വകയിരുത്തി അനുവദിക്കുന്നത്. ബ്ലോക്ക് തലത്തിൽ പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടില്ല. |
| (ബി) | ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം മാറ്റി വയ്ക്കുവാൻ തയ്യാറാണെന്ന് അറിയിച്ചിട്ടും മിഷന്റെ വിഹിതം അനുവദിക്കുകയോ പ്രസ്തുത വിഷയത്തിന്മേൽ ബ്ലോക്ക് പഞ്ചായത്ത് മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയ കത്തിന് മറുപടി നൽകുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | കൊണ്ടോട്ടി ഉൾപ്പെടെ കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകളിൽ വയോമിത്രം പദ്ധതി നടപ്പിലാക്കുന്നത് പരിശോധിക്കാവുന്നതാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വയോമിത്രം പദ്ധതിയ്ക്കായി മിഷന്റെ വിഹിതമായി എത്ര രൂപ ചെലവഴിച്ചു; ആയതിന്റെ വിശദാംശം മിഷൻ വിഹിതം, ജില്ല, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്, അനുവദിച്ച തീയതി എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയോമിത്രം പദ്ധതിയ്ക്കായി 7622.17 ലക്ഷം രൂപ ചെലവഴിച്ചു . വയോമിത്രം പദ്ധതിയ്ക്കായി സംസ്ഥാനാടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചു വരുന്നത്. തദ്ദേശ സ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. |
| (ഡി) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ വായോമിത്രം പദ്ധതിയ്ക്ക് മിഷൻ വിഹിതം അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ഡി) | കൊണ്ടോട്ടി ഉൾപ്പെടെ കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകളിൽ വയോമിത്രം പദ്ധതി നടപ്പിലാക്കുന്നത് പരിശോധിക്കാവുന്നതാണ്. |
| (ഇ) | വായോമിത്രം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മിഷനിൽ എത്ര ജീവനക്കാർ ഉണ്ട്; പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഔദ്യോഗിക വാഹനങ്ങൾ ഉണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ജില്ല അടിസ്ഥാനത്തിൽ ലഭ്യമാക്കമോ? | (ഇ) | കോ-ഓർഡിനേറ്റർ, മെഡിക്കൽ ഓഫീസർ, നഴ്സ്, ജെ.പി.എച്ച്.എൻ എന്നിവർ ഉൾപ്പെടെ 95 യൂണിറ്റുകളിലായി വയോമിത്രം പദ്ധതിയിൽ 395 ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്. പദ്ധതിയുടെ ബജറ്റ് വിഹിതം വിനിയോഗിച്ച് ടെണ്ടർ നടപടികളിലൂടെ വാഹനങ്ങൾ വാടകയ്ക്ക് ലഭ്യമാക്കി പദ്ധതി പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു വരുന്നു. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | ജില്ല | യുണിറ്റുകളുടെ എണ്ണം | വാഹനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 8 | 8 (കരാർ) |
| 2 | കൊല്ലം | 6 | 6 (കരാർ) |
| 3 | പത്തനംതിട്ട | 5 | 5 (കരാർ) |
| 4 | ആലപ്പുഴ | 7 | 6 (5 കരാർ 1 ദിവസ വേതനം) (ആലപ്പുഴയിൽ രണ്ട് യുണിട്ടുകൾക്കും കൂടി ഒരു വാഹനം ദിവസ വേതനത്തിൽ) |
| 5 | കോട്ടയം | 8 | 8 (7 കരാർ 1 ദിവസ വേതനം) |
| 6 | ഇടുക്കി | 3 | 3 (കരാർ) |
| 7 | എറണാകുളം | 14 | 14 (13 കരാർ 1 ദിവസ വേതനം) |
| 8 | തൃശ്ശൂർ | 10 | 10 (7 കരാർ 3 ദിവസ വേതനം) |
| 9 | പാലക്കാട് | 7 | 7 (3 കരാർ 4 ദിവസവേതനം ) |
| 10 | മലപ്പുറം | 12 | 12 (10 കരാർ 2 ദിവസ വേതനം) |
| 11 | വയനാട് | 4 | 4 (2 കരാർ 2 ദിവസ വേതനം) |
| 12 | കോഴിക്കോട് | 9 | 9 (7 കരാർ 2 ദിവസ വേതനം) |
| 13 | കണ്ണൂർ | 11 | 11 (10 കരാർ 1 ദിവസ വേതനം) |
| 14 | കാസർഗോഡ് | 3 | 3 (കരാർ) |
| | ആകെ | 107 | 106 (ആലപ്പുഴയിൽ രണ്ട് യുണിട്ടുകൾക്കും കൂടി ഒരു വാഹനം ദിവസ വേതനത്തിൽ) |